(ബി) ഇവർക്ക് എത്രമാസത്തെ പെൻഷൻ കുടിശ്ശികയുണ്ട് ;

(സി) എത്ര പെൻഷണർമാരുണ്ട്; ഇതിലേയ്ക്കായി പ്രതിമാസം എത്ര തുക ചെലവ് വരുന്നുണ്ട് ;

(ഡി) പെൻഷൻ കൃത്യമായി നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇവർക്ക് 1-3-2005-വരെ 25 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്.

(സി) 49 പെൻഷൻകാരും 26 കുടുംബപെൻഷൻകാരും ഉൾപ്പെടെ ആകെ 75 പെൻഷണർമാരുണ്ട്. ഇതിലേയ്ക്കായി പ്രതിമാസം ഏകദേശം 1,80,000 രൂപ ചെലവ് വരും.

(ഡി) മലബാർ മാർക്കറ്റ് കമ്മറ്റിയുടെ വസ്തുവകകൾ വിറ്റ് മുതൽകൂട്ടുന്ന കോർപ്പസ് ഫണ്ടിൽ നിന്നും പെൻഷൻ നൽകുന്നതിന് ആവശ്യമായ തുക കണ്ടെത്തണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

കാഷ്യൂ റിസർച്ച് സെന്ററിൽ സയന്റിസ്റ്റിന്റെ ഒഴിവ്

126 [2025] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക സർവ്വകലാശാലക്ക് കീഴിലുള്ള മലപ്പുറം ജില്ലയിലെ ആനക്കയത്ത് പ്രവർത്തിക്കുന്ന കാഷ്യൂ റിസർച്ച് സെന്ററിൽ സയന്റിസ്റ്റിന്റെ ഒഴിവുകൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) സയന്റിസ്റ്റിന്റെ ചുമതല ഇപ്പോൾ വഹിക്കുന്നതിന് സ്റ്റാറ്റിസ്റ്റിക്സ് വാസ്സായ അദ്ധ്യാപകനാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതു കാരണം ഒരു റിസർച്ച് വർക്കും ഇപ്പോൾ ഇവിടെ നടക്കുന്നില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഒരു തസ്തിക ഒഴിഞ്ഞുകിടപ്പുണ്ട്.

(ബി) നിയമനം നടത്തുന്നതിന് നിയമപരമായ തടസ്സം നിലവിലുണ്ട്. തടസ്സം നീങ്ങി കിട്ടുന്ന മുറയ്ക്ക് ഒഴിവ് നികത്തുന്നതാണ്.

(സി) ഉണ്ട്.

(ഡി) പരിമിതികൾ ഉണ്ടെങ്കിലും ഗവേഷണങ്ങൾ നടക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly